LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെകീഴിൽ കാൻസർ ബോധവൽക്കരണത്തിനും കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ കാൻസർ കെയർ പദ്ധതിയുടെകീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സനൽകാൻകഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻവഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർവിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ രോഗ ചികിത്സാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനായി സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റുകളുടെ നേതൃത്വത്തിൽ ത്രിതല കെയർ സെന്ററിന്റെ (മിനി ആർ.സി.സി.) പ്രവർത്തനത്തിനുള്ള നടപടികൾ നടന്നുവരുന്നു.

കാൻസർ കെയർ സെന്ററുകൾ

39 (4842) ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കാൻസർ ടെർഷ്യറി കെയർ സംവിധാനമേർപ്പെടുത്തുന്നതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ബി) കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കാനായി സ്വീകരിച്ച നടപടികളും അതിനായി ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ;

(സി) കൊച്ചി കാൻസർ കെയർ സെന്റർ യാഥാർത്ഥ്യമാക്കാനായി ഇതുവരെ എന്തൊക്കെകാര്യങ്ങൾ ചെയ്തെന്നും സെന്റർ എന്നത്തേക്ക് പ്രവർത്തന ക്ഷമമാകുമെന്നും അറിയിക്കാമോ ;

(ഡി) കൊച്ചി കാൻസർ കെയർ ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതാണെന്ന 2015-16 ബജറ്റ് പ്രഖ്യാപനംവഴി എന്താണുദ്ദേശിക്കുന്നതെന്നും അതിന്റെ വിശദമായ രൂപരേഖയും നൽകുമോ ; ഈ സ്ഥാപനം പൂർണ്ണമായും പൊതുമേഖലയിൽതന്നെ സ്ഥാപിക്കാനാണോ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷം തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി ഓങ്കോളജി & ടെർഷ്യറി കെയർ പദ്ധതി പ്രകാരം എച്ച്.ഡി. ആർ. ബ്രാക്കിതെറാപ്പി സിസ്റ്റം വാങ്ങുവാനായി 175 ലക്ഷം രൂപ അനുവദിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിനുവേണ്ടി .സർജിക്കൽ ഓങ്കോളജി, അനസ്തേഷ്യ ഉപകരണങ്ങൾ എച്ച്.ഡി.ആർ റേഡിയോതെറാപ്പി എന്നിവയ്ക്കായി 95 ലക്ഷം രൂപ അനുവദിച്ചു.

(ബി) കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് ഓരോ ആശുപത്രിക്കും 30 ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ) വീതം ആകെ 120 ലക്ഷം (നൂറ്റിയിരുപത് ലക്ഷം) രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും ആയതിൻപ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 30 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായും 20 ലക്ഷം രൂപ മരുന്നിനുവേണ്ടിയും അനുവദിച്ചിട്ടുണ്ട്. കണ്ണൂർ, ആലപ്പുഴ, തൃശ്ശൂർ ജില്ലകൾക്ക് ഇതിനായി ഒരു ഡോക്ടർക്കും രണ്ട് സ്റ്റാഫ് നഴ്സുമാർക്കും വിദഗ്ധ പരിശീലനം നൽകുകയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്തു.

(സി) 3-2-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്) നമ്പർ 39/2014/ ആ.ക.വ. പ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ ഒരു കാൻസർ കെയർ ആന്റ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകുകയും M/s.ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷനെ DPRതയ്യാറാക്കുന്നതിന് നിയോഗിക്കുകയും റീജിയണൽ കാൻസർ സെന്ററിലെ മുൻ ഡയറക്ടറായ ഡോ. വി. പി. ഗംഗാധരനെ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾ ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. സർക്കാർ ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷനുമായി ഒരു കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്കാവശ്യമായ പണം കണ്ടെത്താനായിട്ടില്ല ആയതിനാൽ ആന്വിറ്റിമോഡൽ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കോൺട്രാക്ടർക്ക് അല്ലെങ്കിൽ സപ്ലൈയർക്ക് പദ്ധതി നിർവ്വഹണത്തിനായി നൽകേണ്ട തുക ഒറ്റത്തവണയായി നൽകുന്നതിനുപകരം പലതവണകളിലായി വർഷംതോറും നൽകുന്ന രീതിയാണ് ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നത് എന്ന പ്രഖ്യാപനം കൊണ്ടുദ്ദേശിക്കുന്നത്. പദ്ധതിക്കാവശ്യമായ തുകയനുസരിച്ച് ഇതിന്റെ ദൈർഘ്യം 5 മുതൽ 12 വർഷം വരെ നീണ്ടുപോകും.

ആലത്തൂർ താലൂക്ക് ആശുപത്രിയിലെ എൻഡോസ്കോപ്പി യൂണിറ്റ്

40 (4843) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിലെ എൻഡോസ്കോപ്പി യൂണിറ്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടോ ;

(ബി) എൻഡോസ്കോപ്പി മെഷീൻ കൈകാര്യം ചെയ്യുന്നതിനുള്ള വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാർ ആശുപത്രിയിൽ ഉണ്ടോ ;

(സി) ഇല്ലെങ്കിൽ താല്പര്യമുള്ള ഡോക്ടർമാരെ പരിശീലനത്തിന് അയയ്ക്കുന്ന കാര്യം പരിഗണിയ്ക്കുമോ ?

ഉത്തരം

(എ &ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

41 (4844) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പഴയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, എക്സ്-റേ റൂം, വരാന്ത എന്നിവ പൊളിച്ചു മാറ്റുന്നതിന് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly